**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2073** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഹേമ കമ്മറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിനിമാരംഗത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി ജസ്റ്റിസ് ഹേമയുടെ നേതൃത്വത്തിൽ കമ്മിറ്റിയെ നിയോഗിക്കുന്നതിന് മന്ത്രിസഭ തീരുമാനമെടുത്തിരുന്നോ; എങ്കിൽ എന്നു ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് കമ്മിറ്റിയെ നിയോഗിക്കുന്നതിന് തീരുമാനമെടുത്തത്; | (എ) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിനായി ജസ്റ്റിസ്സ് കെ ഹേമ അദ്ധ്യക്ഷയായുള്ള സമിതിയെ ചുമതലപ്പെടുത്തുവാൻ 14.06.2017 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചു. അപ്രകാരം 01.07.2017 ലെ സ.ഉ.(കൈ) നം. 16/2017/സാം.കാ.വ. പ്രകാരം ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായുള്ള സമിതി രൂപീകരിച്ച് ഉത്തരവായി. തുടർന്ന് 16.11.2017 ലെ സ.ഉ.(സാധാ) നം. 661/2017/സാം.കാ.വ. പ്രകാരം കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ച് ഉത്തവായിരുന്നു. പ്രസ്തുത ടേംസ് ഓഫ് റഫറൻസ് അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | ഒരു എൻക്വയറി കമ്മിഷന്റെ അധികാരങ്ങളില്ലാത്ത, റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പോലീസിന് നേരിട്ട് കേസെടുക്കാൻ കഴിയാത്ത തരത്തിലുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചതിലൂടെ സർക്കാർ എന്തൊക്കെയാണ് ലക്ഷ്യമിട്ടിരുന്നത്; | (ബി) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിനായി ജസ്റ്റിസ്സ് കെ ഹേമ അദ്ധ്യക്ഷയായുള്ള സമിതിയെ ചുമതലപ്പെടുത്തുവാൻ 14.06.2017 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചു. അപ്രകാരം 01.07.2017 ലെ സ.ഉ.(കൈ) നം. 16/2017/സാം.കാ.വ. പ്രകാരം ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായുള്ള സമിതി രൂപീകരിച്ച് ഉത്തരവായി. തുടർന്ന് 16.11.2017 ലെ സ.ഉ.(സാധാ) നം. 661/2017/സാം.കാ.വ. പ്രകാരം കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ച് ഉത്തവായിരുന്നു. പ്രസ്തുത ടേംസ് ഓഫ് റഫറൻസ് അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (സി) | ഹേമ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതോടെ ലക്ഷ്യമിട്ടിരുന്ന ഉദ്യേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാനായി എന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കാമോ ; | (സി) | ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു. നാളിതുവരെ സ്വീകരിച്ച നടപടികൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള അന്വേഷണം പ്രത്യേക അന്വേഷണ സംഘത്തെ ഏൽപ്പിച്ചതിനെ തുടർന്ന് മൊഴി നൽകിയവരുടെ വിവരങ്ങൾ പുറത്തുവരുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് ഡബ്ല്യു.സി.സി. കത്ത് നൽകുകയുണ്ടായോ; വ്യക്തമാക്കാമോ ; | (ഡി) | ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ഡബ്ല്യു.സി.സി. ഇ-മെയിൽ മുഖാന്തിരം പരാതി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുള്ളതാണ്. തുടർന്ന് ഇത് സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ ഉത്തരവ് കർശനമായി പാലിക്കുന്നതിന് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ചുമതലയുള്ള ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പീഡിപ്പിക്കപ്പെട്ടവരുടെ മൊഴികളും തെളിവുകളും പേര് വിവരങ്ങളും പുറത്തുവന്നേക്കും എന്ന ഭയത്താൽ പീഡിപ്പിക്കപ്പെട്ടവരും മൊഴി നൽകിയവരുമെല്ലാം കടുത്ത മാനസിക സമ്മർദ്ദത്തിൽ ആണെന്നത് സർക്കാർ പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (ഇ) | സംസ്ഥാന പോലീസ് മേധാവിയുടെ 25.08.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം (എസ്ഐടി) രൂപീകരിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 29846/2024 ലെ ബഹു. ഹൈക്കോടതിയുടെ 10.09.2024 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റിയുടെ പൂർണ റിപ്പോർട്ട് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറിയിരുന്നു. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം പ്രസ്തുത റിപ്പോർട്ടിലെ മൊഴികളിൽ അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | എങ്കിൽ പീഡിപ്പിക്കപ്പെട്ടവരുടെ വിശദാംശങ്ങൾ പുറത്തുവരാതെ കുറ്റക്കാർക്കെതിരെ നിയമനടപടികൾ ഉറപ്പാക്കുന്നതിനായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ? | (എഫ്) | സംസ്ഥാന പോലീസ് മേധാവിയുടെ 25.08.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം (എസ്ഐടി) രൂപീകരിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 29846/2024 ലെ ബഹു. ഹൈക്കോടതിയുടെ 10.09.2024 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റിയുടെ പൂർണ റിപ്പോർട്ട് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറിയിരുന്നു. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം പ്രസ്തുത റിപ്പോർട്ടിലെ മൊഴികളിൽ അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

451

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - ജസ്റ്റിസ്.കെ.ഹേമ കമ്മറ്റിയുടെ 'ടേംസ് ഓഫ് റഫറൻസ്' അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (ബി) വകുപ്പ്**

**സ.ഉ.(സാധാ.)നം.661/2017/സാം.കാ.വ.** **തീയതി, തിരുവനന്തപുരം: 16.11.2017**

പരാമർശം :- 1. സ.ഉ.(എം.എസ്.) നം.16/2017/സാം.കാ.വ. തീയതി : 01.07.2017

2. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 26.09.2017 ലെ കെ.എസ്.സി.എ/എ 1/1097/2017 നമ്പർ കത്ത്

**ഉത്തരവ്**

സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിന് സൂചന (1) പ്രകാരം ജസ്റ്റിസ്.കെ.ഹേമ അദ്ധ്യക്ഷയായി മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്മറ്റിയുടെ 'ടേംസ് ഓഫ് റഫറൻസ്,' ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

i. സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സുരക്ഷ ഉടങ്ങിയ വിഷയങ്ങളിലുള്ള പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുക.

ii. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുക.

iii. സിനിമയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തന മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

iv. സിനിമയുടെ സാങ്കേതിക പഠന മേഖലകളിൽ സ്ത്രീകൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യം നൽകി കൂടുതൽപ്പേരെ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

v. പ്രസവം, ശിശുപരിചരണം, ശാരീരിക അവശതകൾ ഉടങ്ങിയവമൂലം തൊഴിലിൽ വിട്ടുനിൽക്കേണ്ടി വരുന്ന സാഹചര്യത്തിൽ സ്ത്രീകളെ സഹായിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

vi. സിനിമയുടെ ഉള്ളടക്കത്തിൽ ലിംഗനീതി പാലിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

vii. 30 ശതമാനം സ്ത്രീകൾ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടി നിർദ്ദേശങ്ങൾ സമർപ്പിക്കുക.

കമ്മറ്റി 6 മാസ കാലയളവിനുള്ളിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കമ്മറ്റിയുടെ യോഗം വിളിച്ച് ചേർക്കുന്നതിന് ആവശ്യമായ നടപടി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം.

**കെ. ഗീത**

**അഡീഷണൽ സെക്രട്ടറി**

ജസ്റ്റിസ് ശ്രീമതി കെ.ഹേമ, മൈന, എ 2- ഗ്യാലക്സി വിൻസ്റ്റൺ, ചിലവന്നൂർ റോഡ്, കടവന്ത്ര, കൊച്ചി - 682 020
ശ്രീമതി ശാരദ, സിനി ആർട്ടിസ്റ്റ്, നം.5, സരസ്വതി സ്ട്രീറ്റ്, മഹാലിംഗപുരം, ചെന്നൈ - 600 034.
ശ്രീമതി കെ.ബി.വത്സലകുമാരി, ഐ.എ.എസ് (റിട്ട), SKNRA-134, ശ്രീകൃഷ്ണ നഗർ, ജഗതി, ഗവ:ഹൈസ്കൂളിന് സമീപം, തിരുവനന്തപുരം -14.
(ആമുഖ കത്ത് സഹിതം)

വൈസ് ചെയർപേഴ്സൺ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം.**

**സെക്ഷൻ ഓഫീസർ**

പകർപ്പ് :- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

## അനുബന്ധം - 2

1. സിനിമാ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണത്തിനാവശ്യമായ പദ്ധതികളും പരിപാടികളും തയ്യാറാക്കി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കും കേരള സ്റ്റേറ്റ് ചലച്ചിത്ര വികസന കോർപ്പറേഷനും നിർദ്ദേശം നൽകി.

2. ഒരു സാമൂഹിക വിദ്യാഭ്യാസ പ്രക്രിയ എന്ന നിലയിൽ ലിംഗസമത്വം / ലിംഗ നീതി വിഷയത്തിൽ ബോധവൽക്കരണ പരിപാടികൾ ഓൺലൈനായും അല്ലാതെയും സംഘടിപ്പിക്കണമെന്ന് ചലച്ചിത്ര അക്കാദമിക്കും ചലച്ചിത്ര വികസന കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്.

3. സ്ത്രീ വിരുദ്ധ വിഷയങ്ങൾ സിനിമകളിൽ കടന്നു കൂടുന്നതിനെതിരെ സെൻസർ ബോർഡും മറ്റ് സ്ഥാപനങ്ങളും ജാഗ്രത പുലർത്തി വരുന്നുണ്ട്. സർക്കാർ പങ്കാളിത്തത്തോടെ നിർമ്മിക്കപ്പെടുന്ന സിനിമകളിൽ സ്ത്രീപക്ഷ പുരോഗമന വീക്ഷണങ്ങൾ ഉൾക്കൊള്ളിക്കുന്ന കാര്യം ശ്രദ്ധിക്കുന്നുണ്ട്. ഇത്തരത്തിൽ 4 സിനിമകൾ ഇതിനകം തന്നെ റിലീസ് ചെയ്തിട്ടുണ്ട്. കൂടുതൽ സിനിമകൾ റിലീസിന് തയ്യാറായി വരുന്നു. ഈ പദ്ധതി പ്രകാരം നിഷിദ്ധോ, ഡൈവോഴ്സ്, ബി32 മുതൽ 44 വരെ, നിള എന്നീ ചിത്രങ്ങൾ വനിതാ നവാഗത സംവിധായകരുടേതായി റിലീസ് ചെയ്തിട്ടുണ്ട്. ഇത്തരത്തിലൊരു പദ്ധതി ഇന്ത്യയിൽ തന്നെ ആദ്യത്തേതാണ്. ഇന്ത്യയിലാദ്യമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നവാഗത സംവിധായകരുടെ സിനിമകൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം "ചുരുൾ" എന്ന സിനിമ 30.08.2024 ന് റിലീസ് ചെയ്തു.

4. 15.07.2023 ലെ സ.ഉ.(സാധാ.)നം. 357/2023/സാം.കാ.വ. ഉത്തരവ് പ്രകാരം സിനിമാ നയം രൂപീകരിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനായി ശ്രീ. ഷാജി എൻ. കരുൺ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കൂടി പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ കരട് സിനിമാ നയത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 30.09.2024 ലെ സ.ഉ.(സാധാ.)നം. 567/2024/സാം.കാ.വ. ഉത്തരവ് പ്രകാരം 7 അംഗ കമ്മിറ്റിയായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ടി കമ്മിറ്റി സിനിമാരംഗത്തെ എല്ലാ മേഖലകളുടേയും പ്രതിനിധികളുമായി ചർച്ച നടത്തി വരുന്നു.

5. തിരഞ്ഞെടുക്കപ്പെടുന്ന വനിതകൾക്ക് സിനിമകൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. മുഖാന്തിരം ധനസഹായം നൽകുന്ന പദ്ധതിക്കായി വർഷം 3 കോടി രൂപ വീതം വകയിരുത്തുന്നു. പ്രസ്തുത പദ്ധതി പ്രകാരം നിരവധി സിനിമ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ആവശ്യത്തിനനുസരിച്ച് കൂടുതൽ ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ്.

6. സിനിമയുടെ ഏതെങ്കിലും മേഖലയിൽ മികവ് പുലർത്തുന്ന സ്ത്രീ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായി പ്രത്യേക അവാർഡ് സംസ്ഥാന ചലച്ചിത്ര അവാർഡുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗായിക ശ്രീമതി നാഞ്ചിയമ്മ, സംവിധായിക ശ്രീമതി ശ്രുതി ശരണ്യം എന്നിവർക്ക് ഈ വിഭാഗത്തിൽ അവാർഡ് ലഭിക്കുകയുണ്ടായി.

7. സിനിമയുടെ സാങ്കേതിക രംഗത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി പ്രൊഡക്ഷൻ മാനേജ്മെന്റ്, ക്യാമറ ആന്റ് ലൈറ്റിംഗ്, ആർട്ട് ഡിസൈൻ, കോസ്റ്റ്യൂം, മേക്കപ്പ്, പോസ്റ്റ് പ്രൊഡക്ഷൻ സൂപ്പർ വിഷൻ, മാർക്കറ്റിംഗ് & പബ്ലിസിറ്റി എന്നീ വിഭാഗങ്ങളിൽ തൊഴിൽ പരിശീലന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി വഴി ആരംഭിച്ചിട്ടുണ്ട്. പരിശീലനത്തിനുശേഷം പ്രൊഫഷണൽ ഫിലിം പ്രൊഡക്ഷൻ കമ്പിനികളിൽ തൊഴിലവസരത്തിന് വഴിയൊരുക്കുന്നതാണ്.

8. സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് നിലവിൽ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടുതൽ ക്ഷേമപദ്ധതികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

9. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെയും മറ്റും തിരക്കഥാ ക്യാമ്പുകളിലും സിനിമാ പഠന പദ്ധതികളിലും സ്ത്രീയുടെ ഔന്നത്യം ഉറപ്പുവരുത്താൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. കെ.എസ്.എഫ്.ഡി.സി. യുടെ നേതൃത്വത്തിൽ നടത്തിവരുന്ന വനിതാ സിനിമാ നിർമ്മാണ പദ്ധതിയിൽ സിനിമകൾ തെരഞ്ഞെടുക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ട്.

10. സിനിമാ മേഖലയിൽ നിയമപ്രകാരമുള്ള ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റികൾ അടിയന്തിരമായി രൂപീകരിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സിനിമാ ലൊക്കേഷനുകളിൽ ഐ.സി.സി. നിർബന്ധമാക്കിയിട്ടുണ്ട്.

11. സ്ത്രീകളുടെ സിനിമകൾ പ്രദർശിപ്പിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. യുടെ തിയേറ്ററുകളിൽ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്ത് കെ.എസ്.എഫ്.ഡി.സി. യുടെ ഉൾപ്പെടെ കൂടുതൽ തീയേറ്ററുകൾ സ്ഥാപിക്കുമ്പോൾ സ്ത്രീകളുടെ സിനിമകൾ പ്രദർശിപ്പിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. കായംകുളം, വൈക്കം, അളഗപ്പ നഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തിയേറ്ററുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു.

12. സിനിമയിൽ ഭാഗഭാക്കാകുന്ന കലാകാരന്മാർ, സാങ്കേതിക വിദഗ്ധർ, ജൂനിയർ ആർട്ടിസ്റ്റുകൾ, തൊഴിലാളികൾ എന്നിവർ വേതനം, തൊഴിൽ ദിനങ്ങൾ/സമയം, അവധി തുടങ്ങി എല്ലാ കാര്യങ്ങളെക്കുറിച്ചും വ്യക്തമായ വ്യവസ്ഥകളടങ്ങിയ രേഖാമൂലമുള്ള കരാർ സിനിമാ നിർമ്മാതാവുമായി ഉറപ്പുവരുത്തണമെന്ന് വിവിധ സിനിമാ സംഘടനകൾക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.

13. വനിതകൾക്ക് സിനിമാ മേഖലയിലും സിനിമാ സംബന്ധമായ സ്ഥാപനങ്ങളിലും കൂടുതൽ പ്രാതിനിധ്യവും അവസരവും ഉറപ്പാക്കുന്ന തരത്തിൽ ഭരണപരമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

14. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെയും അനുബന്ധങ്ങളുടെയും പകർപ്പുകൾ സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് (എസ്.ഐ.ടി.) സർക്കാർ കൈമാറിയിരുന്നു. എസ്.ഐ.ടി.യുടെ അന്വേഷണ റിപ്പോർട്ട് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

15. ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണത്തിന്റെ സാധ്യതയും സർക്കാർ പരിശോധിച്ചു വരികയാണ്.